**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1350** **18-01-2021 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികൾക്കായുള്ള സാക്ഷരതാ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ | | **Prof. C. Raveendranath**<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | അതിഥി തൊഴിലാളികൾക്കായി സാക്ഷരതാ മിഷൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കേരളത്തിലെത്തുന്ന ഇതരസംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനായി സാക്ഷരതാമിഷൻ അതോറിറ്റി 'ചങ്ങാതി' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ മാതൃകാപദ്ധതി എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലാണ് നടപ്പിലാക്കിയത്. 2017 ജനുവരി 26 മുതൽ 29 വരെ നടത്തിയ സർവേയിലൂടെ കണ്ടെത്തിയവരിൽനിന്നും 469 ഇതരസംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കാൻ സാക്ഷരതാ മിഷന് കഴിഞ്ഞിട്ടുണ്ട്. ഇവർക്കായി സാക്ഷരതാമിഷൻ 'ഹമാരി മലയാളം' എന്നപേരിൽ പ്രത്യേക സാക്ഷരതാപാഠപുസ്തകം തയാറാക്കിയാണ് പഠിപ്പിച്ചത്. ഈ പദ്ധതിയുടെ ഭാഗമായി സാക്ഷരതാമിഷനോടൊപ്പം ചേർന്ന് പ്രവർത്തിച്ച പെരുമ്പാവൂരിലെ എം.ഇ.എസ് കോളേജിന്റെ സഹായത്തോടെ ഡിജിറ്റൽ പാഠപുസ്തകവും തയാറാക്കി നൽകാൻ കഴിഞ്ഞിട്ടുണ്ട്. മാതൃകാപദ്ധതിയുടെ പൂർത്തീ കരണത്തിനുശേഷം രണ്ട് ഘട്ടങ്ങളിലായി മറ്റ് ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിച്ചു. |
| (ബി) | നിലവിൽ ഏതൊക്കെ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്; | (ബി) | എല്ലാ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വീതമാണ് 'ചങ്ങാതി' പദ്ധതിയുടെ രണ്ട് ഘട്ടങ്ങൾ നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ മൂന്നാംഘട്ടം നടപ്പിലാക്കുന്നതിനായി 14 ജില്ലകളിൽനിന്നും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് തുടർപ്രവർത്തങ്ങൾ നടക്കുന്നതിനിടയിലാണ് കോവിഡ് 19 മഹാമാരി ഉണ്ടായത്. ഈ |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ, അതിഥിതൊഴിലാളികളിൽ ഒട്ടുമിക്കപേരും അവരുടെ സ്വന്തം നാട്ടിലേക്ക് തിരിച്ചുപോയതിനാൽ പദ്ധതിയുടെ തുടർപ്രവർത്തങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നതിന് കഴിഞ്ഞിരുന്നില്ല. കോവിഡ് പ്രോട്ടോകോളിൽ കൂടുതൽ ഇളവുകൾ വരുത്തുന്ന മുറയ്ക്ക് മൂന്നാംഘട്ടത്തിലേക്ക് തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നടത്തി ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ ഇതിനകം എത്ര അതിഥി തൊഴിലാളികൾ സാക്ഷരരായി എന്ന് വ്യക്തമാക്കുമോ? | (സി) | 5451 പേർ |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1350 18/01/2021 ൽ മറുപടിയ്ക്ക്

## അതിഥി തൊഴിലാളികൾക്കായുള്ള സാക്ഷരതാ മിഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അതിഥി തൊഴിലാളികൾക്കായി സാക്ഷരതാ മിഷൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കേരളത്തിലെത്തുന്ന ഇതരസംസ്ഥാനത്തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനായി സാക്ഷരതാമിഷൻ അതോറിറ്റി 'ചങ്ങാതി' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ മാതൃകാപദ്ധതി എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലാണ് നടപ്പിലാക്കിയത്. 2017 ജനുവരി 26 മുതൽ 29 വരെ നടത്തിയ സർവേയിലൂടെ കണ്ടെത്തിയവരിൽനിന്നും 469 ഇതരസംസ്ഥാനത്തൊഴിലാളികളെ സാക്ഷരരാക്കാൻ സാക്ഷരതാമിഷന് കഴിഞ്ഞിട്ടുണ്ട്. ഇവർക്കായി സാക്ഷരതാ മിഷൻ 'ഹമാരി മലയാളം' എന്നപേരിൽ പ്രത്യേക സാക്ഷരതാപാഠപുസ്തകം തയാറാക്കിയാണ് പഠിപ്പിച്ചത്. ഈ പദ്ധതിയുടെ ഭാഗമായി സാക്ഷരതാമിഷനോടൊപ്പം ചേർന്ന് പ്രവർത്തിച്ച പെരുമ്പാവൂരിലെ എം. ഇ.എസ് കോളേജിന്റെ സഹായത്തോടെ ഡിജിറ്റൽ പാഠപുസ്തകവും തയാറാക്കി നൽകാൻ കഴിഞ്ഞിട്ടുണ്ട്. മാതൃകാപദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം രണ്ട് ഘട്ടങ്ങളിലായി മറ്റ് ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ ഏതൊക്കെ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്; | (ബി) | എല്ലാ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വീതമാണ് 'ചങ്ങാതി' പദ്ധതിയുടെ രണ്ട് ഘട്ടങ്ങൾ നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ മൂന്നാംഘട്ടം നടപ്പിലാക്കുന്നതിനായി 14 ജില്ലകളിൽനിന്നും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് തുടർപ്രവർത്തങ്ങൾ നടക്കുന്നതിനിടയിലാണ് കോവിഡ് 19 മഹാമാരി ഉണ്ടായത്. ഈ സാഹചര്യത്തിൽ, അതിഥിതൊഴിലാളികളിൽ ഒട്ടുമിക്കപേരും അവരുടെ സ്വന്തം നാട്ടിലേക്ക് തിരിച്ചുപോയതിനാൽ പദ്ധതിയുടെ തുടർപ്രവർത്തങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് കഴിഞ്ഞിരുന്നില്ല. കോവിഡ് പ്രോട്ടോകോളിൽ കൂടുതൽ ഇളവുകൾ വരുത്തുന്ന മുറയ്ക്ക് മൂന്നാംഘട്ടത്തിലേക്ക് തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നടത്തി ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ ഇതിനകം എത്ര അതിഥി തൊഴിലാളികൾ സാക്ഷരരായി എന്ന് വ്യക്തമാക്കുമോ? | (സി) | 5451 പേർ |

സെക്ഷൻ ഓഫീസർ